പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 2376
12.06.2018-ന് മറുപടി നൽകേണ്ടത്

## കെ.എഫ്.സി. യെ മികച്ച ധനകാര്യ സ്ഥാപനമായി ഉയർത്തിക്കൊണ്ടുവരാൻ നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ഡോ. റ്റി.എം.തോമസ് ഐസക്,<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ. | കെ.എഫ്.സി.യെ കേരളത്തിലെ മികച്ച ധനകാര്യ സ്ഥാപനമായി ഉയർത്തിക്കൊണ്ടുവരാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | കെ.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി<br>1.വായ്പകളുടെ പലിശനിരക്ക് വിപണി നിലവാരവുമായി ഏകീകരിച്ചു. Prime Lending Rate (14.5%) വ്യവസ്ഥയിലാണ് വായ്പ അനുവദിച്ചിരുന്നത്. ഇത് ബേസ് റേറ്റ് സിസ്റ്റത്തിലേക്ക് മാറ്റി. 9.5% ആണ് പുതിയ ബേസ് റേറ്റ്.<br>2.അപേക്ഷകൾ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് പുതിയ നടപടിക്രമങ്ങൾ നടപ്പിലാക്കി<br>3.ലോൺ അപ്രൈസലിനു വേണ്ടി സോണൽ മാനേജരുടെ/ഹെഡ്ഓഫീസിന്റെ കീഴിൽ കേന്ദ്രീകൃതമായ പ്രത്യേക വിഭാഗം ആരംഭിച്ചു അങ്ങനെ വിദഗ്ധ ഓഫീസർമാരുടെ സേവനം എല്ലാ ഓഫീസുകൾക്കും ഒരേ പോലെ ലഭ്യമാക്കി<br>4.കോർപ്പറേഷന്റെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തിക്കൊണ്ട് പുതുക്കിയ പ്രവർത്തന രേഖ നടപ്പിലാക്കുന്നു.<br>5.കിട്ടാക്കടങ്ങൾ കുറയ്ക്കുവാൻ വായ്പ തീർപ്പാക്കൽ അദാലത്തുകൾ ആരംഭിച്ചു |
| ബി. | കെ.എഫ്.സി പ്രഖ്യാപിച്ച പുതിയ വായ്പാനയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | കെ.എഫ്.സി.യുടെ പുതിയ വായ്പാ പദ്ധതിയിലെ പ്രധാന മാറ്റങ്ങൾ ഇപ്രകാരമാണ്.<br>1.ഐ.റ്റി,ബയോടെക്നോളജി വിഭാഗങ്ങൾക്കായി രണ്ട് പുതിയ സ്കീമുകൾ ആരംഭിച്ചു<br>2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകി വരുന്ന ഇളവുകൾ 100 ലക്ഷം വരെയുള്ള വായ്പകൾക്ക് ബാധകമാക്കി.<br>3.വിവിധ കമ്മിറ്റികളുടെ ലോൺ അനുവദിക്കുന്നതിനുള്ള പരിധി പുതുക്കിയിട്ടുണ്ട്.<br>4.വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾക്ക് സമയപരിധി നിശ്ചയിച്ചു<br>5.വായ്പകൾ കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുതുക്കി നിശ്ചയിച്ചു. |

| | | |
|---|---|---|
| | | 6.അനുവദിച്ച് 6 മാസത്തിനുള്ളിൽ വായ്പത്തുക പിൻവലിച്ച് തുടങ്ങാത്ത വായ്പകൾ കാലഹരണപ്പെട്ടതായി കരുതും. |
| സി. | സ്റ്റാർട്ട് അപ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ കെ.എഫ്.സി.യുടെ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | സ്റ്റാർട്ടപ്പ് സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മൂന്ന് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1) <u>സ്റ്റാർട്ടപ്പ് സപ്പോർട്ട് സ്കീം</u><br>ടേം ലോണും പ്രവർത്തന മൂലധനവും ഉൾപ്പെടെ 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 18 നും 35 നും ഇടയ്ക്ക് പ്രായമുള്ള ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി/ഐ.റ്റി.ഐ ഡിപ്ലോമ പാസ്സായ ആദ്യ വരി സംരംഭകർക്ക് അപേക്ഷിക്കാം എന്നിരുന്നാലും എൻജിനീയറിംഗ് പാസ്സായവർക്കും വിദ്യാർത്ഥികൾക്കും മുൻഗണന ലഭിക്കും. പദ്ധതി ചെലവിന്റെ 90% വരെ വായ്പ ലഭിക്കും. 5 വർഷം വരെ വായ്പ തിരിച്ചടവ് കാലാവധി ഉണ്ട്.<br>2) <u>സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ പൂർത്തീകരിക്കാനായി വർക്കിംഗ് ക്യാപിറ്റൽ സഹായം</u><br>100 ലക്ഷം രൂപ വരെ ഐ.റ്റി ഹാർഡ് വെയർ/ബയോടെക്നോളജി ഉൽപ്പന്ന നിർമ്മാതാക്കൾക്ക് വായ്പ ലഭിക്കും. അർഹതയുള്ളവർക്ക് 10% വരെ പലിശനിരക്കിൽ വായ്പ ലഭിക്കും. ചെറുകിട സംരംഭകരായി ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ ലിമിറ്റഡ് ലയബിലിറ്റി പാർട്നർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പകൾക്ക് അർഹതയുള്ളത്.<br>3) <u>ഐ.റ്റി ഹാർഡ് വെയർ & സോഫ്റ്റ് വെയർ സ്ഥാപനങ്ങൾക്ക് വെഞ്ചർ ഡെബ്റ്റ്</u><br>500 ലക്ഷം രൂപ വരെ ഹാർഡ് വെയർ & സോഫ്റ്റ് വെയർ സ്ഥാപനങ്ങൾക്ക് വായ്പ ലഭിക്കാൻ അർഹതയുണ്ട്. പദ്ധതി ചെലവിന്റെ 80% വരെ വായ്പ ലഭിക്കും. ചെറുകിട സംരംഭകരായി ഗവൺമെന്റിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ലിമിറ്റഡ് ലൈബിലിറ്റി പാർട്നർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്.<br>അതാത് സ്ഥാപനങ്ങളുടെ നിക്ഷേപം SEBI അംഗികാരമുള്ള വെഞ്ചർക്യാപ്പിറ്റൽ ഫണ്ട് അംഗീകരിച്ചിരിക്കണം. |
| ഡി. | കെ.എഫ്.സി.യെ ചെറു ബാങ്കായി ഉയർത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ? | കെ.എഫ്.സി.യ്ക്ക് ചെറു ബാങ്കിംഗ് ചെയ്യാനുള്ള അപേക്ഷ ആർ.ബി.ഐ നിരസിച്ചു. ആയതിനാൽ ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഒന്നും തന്നെ ഇല്ല. |

**സെക്ഷൻ ഓഫീസർ**